# ബ്രിട്ടീഷ് മന്ത്രിയായിട്ടെന്ത്, മുസ്‌ലിമായിപ്പോയില്ലേ?

**പേരിൽ** എന്തിരിക്കുന്നു എന്ന് മഹാകവി ഷേക്സ്പിയറുടെ ചോദ്യം. പേരിൽ എല്ലാം ഇരിക്കുന്നു എന്ന് അമേരിക്കയിലെ നവയാഥാസ്ഥിതിക ഭരണകൂടത്തിന്റെ മറുപടി. എല്ലാ പേരുകളും ഇതിൽ വരുന്നില്ല. അറബി, പാർസി, മുസ്‌ലിം പേരുകൾ മാത്രം. ബോളിവുഡിലെ ഒന്നാം നമ്പർ താരം ഷാറൂഖ് ഖാനും പ്രമുഖ ഇന്ത്യൻ വ്യവസായി അസീം പ്രേംജിയും തൊഴിലാവശ്യാർഥം ഇടക്കിടെ അമേരിക്കയിൽ പോകുന്നവരാണ്. അമേരിക്കയിലെ ഏത് എയർപോർട്ടിൽ ചെന്നിറങ്ങിയാലും racial profiling എന്ന ഓമനപ്പേരിട്ട് വിളിക്കുന്ന തുണിയുരിഞ്ഞ് പരിശോധന കഴിഞ്ഞേ അവർക്ക് പുറത്തിറങ്ങാനാവൂ. പ്രശ്നം പേരുകൾതന്നെ. ആളുകളെ അമേരിക്കൻ വിമാനത്താവളങ്ങളിൽ മതം തിരിച്ച് അപമാനിക്കുന്നതിനെതിരെ ആയിരിക്കും തന്റെ അടുത്ത ഒരു ചിത്രം എന്നു വരെ ഷാറൂഖ് ഖാൻ പ്രഖ്യാപിച്ചുകഴിഞ്ഞു.

ഈ പ്രാകൃതത്വത്തിന്റെ ഏറ്റവും ഒടുവിലത്തെ ഇരയും ഒട്ടും ചില്ലറക്കാരനല്ല. ബ്രിട്ടനിലെ ആദ്യത്തെ മുസ്‌ലിം മന്ത്രി ശാഹിദ് മാലിക്. അന്തർദേശീയ വികസനം എന്ന ചുമതലയാണ് അദ്ദേഹത്തിന്. ഭീകരതയെ എങ്ങനെ നേരിടാം എന്ന വിഷയത്തിൽ അമേരിക്കൻ പോലീസായ എഫ്.ബി.ഐയും ചില മുസ്‌ലിം സംഘടനകളും സംയുക്തമായി സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത ശേഷം തിരിച്ച് ലണ്ടനിലേക്ക് മടങ്ങവെ വാഷിംഗ്ടണിലെ ഡള്ളാസ് എയർപോർട്ടിൽ വെച്ചാണ് സുരക്ഷാ വിഭാഗം മന്ത്രിയെ നാൽപതു മിനിറ്റ് നേരം തടഞ്ഞുവെച്ച് അപമാനിക്കുംവിധം പരിശോധിച്ചത്. കഴിഞ്ഞ വർഷം ന്യൂയോർക്കിലെ ജോൺ എഫ്. കെന്നഡി എയർപോർട്ടിൽ വെച്ചും മന്ത്രിക്ക് ഇതേ അനുഭവമുണ്ടായി.

'എന്നെക്കൂടാതെ വേറെയും രണ്ട് പേരെ മാറ്റിനിർത്തിയിരുന്നു. അവരും മുസ്‌ലിം പേരുള്ളവർ'- ശാഹിദ് മാലിക് പറഞ്ഞു. അധികൃതരുടെ നടപടി തന്നെ അത്യധികം നിരാശനാക്കിയെന്നും മന്ത്രി കൂട്ടിച്ചേർത്തു. 9/11-ലെ ഭീകരാക്രമണത്തിനു ശേഷം 'മുസ്‌ലിമായിരിക്കെ വിമാനയാത്ര ചെയ്യുന്നവർ'ക്ക് കർശനമായ പരിശോധന കഴിഞ്ഞേ പുറത്തിറങ്ങാനാവൂ. കഴിഞ്ഞ ആഗസ്റ്റിലാണ് കുടുംബത്തോടൊപ്പം ഒഴിവുകാലം ചെലവഴിക്കാനെത്തിയ ജാവേദ് ഇഖ്ബാൽ എന്ന ഏഴു വയസ്സുകാരനെ അമേരിക്കയിലെ മൂന്ന് വിമാനത്താവളങ്ങളിൽവെച്ച് നിർദാക്ഷിണ്യം ഭേദ്യം ചെയ്തത്. ഈ കുട്ടിയുടെ പേരിന് ഏതോ ഒരു ഭീകരന്റെ പേരുമായി സാദൃശ്യമുണ്ടത്രെ. ■

# ഡാനിഷ് തെരഞ്ഞെടുപ്പിൽ ഇസ്‌ലാമോഫോബിയ കാർഡ്

**തെരഞ്ഞെടുപ്പ്** അടുക്കുമ്പോൾ യൂറോപ്പിലെ മിക്ക രാഷ്ട്രീയ പാർട്ടികളും ഇപ്പോൾ ഇസ്‌ലാമോഫോബിയ കാർഡിറക്കി കളിക്കാനാണ് ഇഷ്ടപ്പെടുന്നത്. അധികാരം കിട്ടിയില്ലെങ്കിലും അത് കുറച്ച് സീറ്റെങ്കിലും അധികരിപ്പിക്കും എന്നവർക്ക് പൂർണവിശ്വാസമുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് സമൂഹത്തിൽ വ്യാജഭീതികൾ സൃഷ്ടിച്ചാണ് കഴിഞ്ഞ ഫ്രഞ്ച് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ നിക്കൊളാസ് സർക്കോസി ജയിച്ചുകയറിയത്.

അടുത്ത മാസം ഡെന്മാർക്കിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാൻ പോവുകയാണ്. തീവ്ര വലതുപക്ഷമായ ഡാനിഷ് പീപ്പ്ൾസ് പാർട്ടിക്ക് (ഡി.പി.പി) ഇസ്‌ലാമോഫോബിയ അല്ലാതെ മറ്റു അജണ്ടകളൊന്നും ഇല്ല എന്ന് തോന്നും അവരുടെ പ്രചാരണം കണ്ടാൽ. ഏറെ കോളിളക്കം സൃഷ്ടിച്ച പ്രവാചകനെ നിന്ദിച്ചുള്ള പന്ത്രണ്ട് കാർട്ടൂണുകളും ആ പാർട്ടി പ്രചാരണ പരിപാടികളിൽ പ്രദർശിപ്പിക്കുന്നുണ്ട്. "ഇത്തരം കുട്ടിത്തം വിടാത്ത പ്രകോപനങ്ങൾ ഡി.പി.പിക്ക് വിനയാകും. മുസ്‌ലിംകൾ കൂട്ടത്തോടെ അവർക്കെതിരെ വോട്ട് രേഖപ്പെടുത്താനാണ് അത് കാരണമാവുക"- ഡച്ച് വംശജനായ ഇമാം അബ്ദുൽ വാഹിദ് പെഡേഴ്സൻ പറഞ്ഞു. ഡെന്മാർക്കിലെ മൂന്നാമത്തെ വലിയ കക്ഷിയാണ് ഡി.പി.പി.

ഇടതുപക്ഷ കക്ഷിയായ യൂനിറ്റിലിസ്റ്റ് പാർട്ടിയുടെ ടിക്കറ്റിൽ അസ്മ അബ്ദുൽ ഹമീദ് എന്ന മുസ്‌ലിം വനിതയും ഇത്തവണ പാർലമെന്റിലേക്ക് മത്സരിക്കുന്നുണ്ട്. ഡെന്മാർക്കിലെ ജനസംഖ്യയിൽ അഞ്ചിൽ നാലും ലൂഥേറിയൻ പ്രൊട്ടസ്റ്റന്റുകളാണ്. 5.4 മില്യൻ ജനങ്ങളിൽ രണ്ട് ലക്ഷമാണ് മുസ്‌ലിംകൾ. ജനസംഖ്യയുടെ മൂന്ന് ശതമാനം. ■

## അംബാനിയുടെ താരത്തിളക്കത്തിൽ കാണാതെ പോകുന്നത്

**സോഫ്റ്റ്വെയർ** രാജാവ് ബിൽഗേറ്റ്സിനെ പിന്തള്ളി ഇന്ത്യക്കാരൻ മുകേഷ് അംബാനി ഭൂഗോളത്തിലെ ഏറ്റവും സമ്പന്നനായ വ്യക്തിയായി പ്രഖ്യാപിക്കപ്പെടുന്നതിന്റെ ഒരാഴ്ച മുമ്പ് ഇന്റർനാഷ്നൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വാഷിംഗ്ടണിൽ അതിന്റെ ഒരു പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ഇന്ത്യയുടെ ഇരുണ്ട മറുപുറം തുറന്നുകാണിക്കുന്നതാകയാൽ മീഡിയ അത് കണ്ടതായി നടിച്ചില്ല. കുതിച്ചുചാടുന്ന ഇന്ത്യൻ ഓഹരി വിപണി കണ്ട് ത്രില്ലടിച്ച് നിൽക്കുമ്പോൾ ഒരു അപസ്വരം കേൾപ്പിക്കാൻ മീഡിയ ഇഷ്ടപ്പെടുന്നില്ല. പട്ടിണി കിടക്കുന്നവരുടെ കണക്കെടുക്കുമ്പോൾ ഇന്ത്യയുടെ പ്രകടനം വളരെ ദയനീയമാണെന്നാണ് റിപ്പോർട്ടിലെ കണ്ടെത്തൽ. പട്ടിണിക്ക് പരിഹാരം കാണുന്ന വിഷയത്തിൽ പാകിസ്താൻ വരെ ഇന്ത്യയേക്കാൾ ഭേദപ്പെട്ട നിലയിലാണ്. ബംഗ്ലാദേശിനോടൊപ്പമാണ് ഇന്ത്യയുടെ സ്ഥാനം.

ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്, കുട്ടികളിലെ പോഷകാഹാരക്കമ്മി, ശിശുമരണം എന്നീ മൂന്ന് മാനദണ്ഡങ്ങൾ വെച്ചാണ് രാഷ്ട്രങ്ങൾക്ക് ഗ്രേഡ് നിശ്ചയിച്ചത്. കഴിഞ്ഞ പത്തു വർഷമായി ദാരിദ്ര്യനിർമാർജനത്തിൽ കാര്യമായ യാതൊരു പുരോഗതിയും കൈവരിക്കാത്ത രാഷ്ട്രമാണത്രെ ഇന്ത്യ. ആഫ്രിക്കൻ രാഷ്ട്രമായ എത്യോപ്യ പോലും ഇന്ത്യയേക്കാൾ മെച്ചമാണ്. എത്യോപ്യയുടെ ആഗോള ദാരിദ്ര്യ സൂചിക 1990-ൽ 45.98 ആയിരുന്നത് 2007-ൽ 33.67 ആയി കുറച്ചുകൊണ്ടുവരാൻ ആ രാഷ്ട്രത്തിന് സാധിക്കുകയുണ്ടായി. ഈ ദീർഘിച്ച കാലയളവിൽ ഇന്ത്യയിൽ ദാരിദ്ര്യ സൂചികയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. 33.73-ൽനിന്ന് 25.03 വരെ മാത്രമേ സൂചിക താഴ്ന്നുള്ളൂ.

അസംഘടിത വിഭാഗത്തിലെ തൊഴിൽ സംരംഭങ്ങളെക്കുറിച്ച് പഠിക്കുന്ന ദേശീയ കമീഷൻ (NCEUS) 2007-ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ ഒരു ഞെട്ടിക്കുന്ന വിവരമുണ്ട്. ഇന്ത്യയിൽ ഏതാണ്ട് എൺപത് ശതമാനത്തോളം വരുന്ന ജനങ്ങളുടെ ദിവസവരുമാനം ഇരുപത് രൂപയിൽ താഴെയാണത്രെ. മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളിൽ ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് കാണപ്പെടുന്ന രാജ്യവും ഇന്ത്യയാണ്. 2007-ലെ കണക്കുപ്രകാരം 46 ശതമാനം. അഞ്ച് വയസ്സിനുതാഴെയുള്ള ശിശുമരണ നിരക്ക് 8.5 ശതമാനം.

രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന കർഷക ആത്മഹത്യകൾ മറ്റൊരു അപായമണിയാണ്. വരും വർഷങ്ങളിൽ സാധാരണക്കാരന്റെ ജീവിതനിലവാരം ഇനിയും മോശമാവാനാണ് സാധ്യത. മുകേഷ് അംബാനിയുടെ താരത്തിളക്കം ആഘോഷിച്ച അന്നേ ദിവസം തന്നെ, ഈ വിഷയത്തിൽ ഒന്നാം എഡിറ്റോറിയൽ എഴുതിയ *ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്* (2007, ഒക്ടോ. 30) ആഭിനന്ദനമർഹിക്കുന്നു. ■

## അൽജിഹാദും 'പുനരാലോചന' രേഖ പുറത്തിറക്കുന്നു

**തീവ്രവാദം** ഉപേക്ഷിക്കുമെന്ന് പ്രഖ്യാപിച്ച ഈജിപ്ഷ്യൻ സംഘടനകളാണ് അൽജമാഅ ഇസ്ലാമിയ്യയും അൽജിഹാദുൽ ഇസ്ലാമിയും. തങ്ങളുടെ നിലപാടുമാറ്റത്തിന്റെ ഇസ്ലാമികമാനം വിശദീകരിക്കുന്ന പ്രബന്ധങ്ങൾ പുസ്തകരൂപത്തിൽ തന്നെ അൽജമാഅ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അൽജിഹാദും നിലപാട് മാറ്റിയിട്ടുണ്ടെങ്കിലും അതിന്റെ ഇസ്ലാമിക ന്യായങ്ങൾ സമർഥിക്കുന്ന രേഖ ഇതേവരെ പ്രസിദ്ധീകരിച്ചിരുന്നില്ല. അതിനുള്ള മുന്നൊരുക്കത്തിലാണ് സംഘടനാ ഭാരവാഹികളെന്ന് ഈജിപ്ഷ്യൻ അഭിഭാഷകനായ മുൻതസർ സയ്യാത്ത് പറഞ്ഞു: 'തങ്ങളുടെ അനുയായികളെ കൂടി നിലപാടുമാറ്റം ബോധ്യപ്പെടുത്തിയ ശേഷമേ രേഖ പ്രസിദ്ധീകരണത്തിന് നൽകൂ.'

തീവ്രവാദത്തെ എതിർത്തുകൊണ്ട് അൽജിഹാദ് തയാറാക്കിയ രേഖക്ക് അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംഘടനയിൽ പിളർപ്പുണ്ടാകുമോ എന്ന ഭയമാണ് ഇതിന്റെ പ്രസിദ്ധീകരണം വൈകിപ്പിക്കുന്നത്. അൽജിഹാദിന്റെ സ്ഥാപകനായ സയ്യിദ് ഇമാം (ഇദ്ദേഹം ഡോ. ഫസൽ എന്ന പേരിലും അറിയപ്പെടുന്നു) അണികളുമായി ആശയവിനിമയം തുടങ്ങിക്കഴിഞ്ഞു. ഇദ്ദേഹം രചിച്ച ഒരു പുസ്തകമാണ് അൽഖാഇദയുടെ ഒരു പ്രധാന അവലംബ കൃതിയെന്ന് പറയപ്പെടുന്നു. അറബ്-മുസ്ലിം രാജ്യങ്ങളിൽ സായുധാക്രമണം പാടില്ല എന്നാണത്രെ രേഖയിൽ സമർഥിക്കാൻ ശ്രമിക്കുന്നത്. വിദേശ അധിനിവേശം തുടരുന്ന ഇറാഖ്, അഫ്ഗാനിസ്താൻ പോലുള്ള നാടുകൾ ഇതിൽനിന്നൊഴിവാണ്. ഇവിടങ്ങളിലെ സായുധാക്രമണങ്ങളിൽ സിവിലിയന്മാർ വധിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തുകയും വേണം.

പ്രസിദ്ധീകരിക്കപ്പെടാൻ പോകുന്ന രേഖ അൽഖാഇദയുടെ പ്രവർത്തനരീതികളിൽ കാതലായ മാറ്റമുണ്ടാക്കുമെന്നാണ് മുൻതസർ സയ്യാത്തിന്റെ അഭിപ്രായം. കാരണം അൽഖാഇദയുടെ സൈദ്ധാന്തികരിലൊരാളായാണ് ഡോ. ഫസൽ അറിയപ്പെടുന്നത്. അൽഖാഇദ അണികളിൽ വലിയ സ്വാധീനവും അദ്ദേഹത്തിനുണ്ടെന്ന് സയ്യാത്ത് പറയുന്നു. ■